"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം - പാലക്കാട് ജില്ല- പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിലെ "ഖാദി റേഷൻകട റോഡ് ടാറിങ്ങിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ലിയു.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1389/2026/LSGD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-

1. വിജിലൻസ് (ഡി) വകുപ്പിൽ നിന്നുള്ള 19-04-2025 ലെ വിജി.ഡി4/121/2025-വിജി നം. കത്ത്
2. വിജിലൻസ് ഡയറക്ടറുടെ 22-03-2025 ലെ E12 - (SC - 67/2O24/PKD)22639/2O24/DVACB നമ്പർ കത്ത്.
3. 05-07-2025 ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ഹരികൃഷ്ണൻ സമർപ്പിച്ച 21.08.25 ലെ പ്രതിവാദപത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25-04-2026 ലെ LSGD/PD/22786/2025-VIGC6 നമ്പർ അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിലെ "ഖാദി റേഷൻകട റോഡ് ടാറിങ്" (പ്രോജക്ട്.നമ്പർ.71/23-24) പ്രവർത്തിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് അമ്പലപ്പാറ ഗ്രാമപഞ്ചായത്തിലെ 11-ആം വാർഡിലെ ഒറവംകുന്ന് കോൺക്രീറ്റ് റോഡിലെ നിർമ്മാണ പ്രവർത്തിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് ലഭ്യമാക്കിയ പരാമർശം 2 പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസി.എഞ്ചിനീയറായ ശ്രീ. ഹരികൃഷ്ണനെതിരെ (PEN No.691062) 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള പരാമർശ കുറ്റപത്രം നൽകിയിരുന്നു. കുറ്റാരോപിതൻ പരാമർശം 4 പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആരോപണങ്ങൾ നിഷേധിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്തിലെ "ഖാദി റേഷൻകട റോഡ് ടാറിങ്" (പ്രോജക്ട്.നമ്പർ.71/23-24) പ്രവർത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും)

ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിനായി മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എഞ്ചിനീയറായ ശ്രീ.രാജേഷ്.V.P (PEN:455720, Ph.9447327214)യെ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് ഉത്തരവാകുന്നു.

KCS(CC&A) Rules 1960, Manual for Disciplinary Proceedings (MDP) എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാം പാലിച്ച് ചാർജ്ജ് മെമ്മോയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും, വാദിഭാഗം, പ്രതിഭാഗം സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1) ശ്രീ.രാജേഷ്.V.P, (PEN:455720), അസി.എക്സി.എഞ്ചിനീയർ, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് (പരാമർശിത രേഖകളുടെ പകർപ്പ് ഉൾപ്പെടെ) (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).
2) ശ്രീ.ഹരികൃഷ്ണൻ (PEN No.691062), അസി.എഞ്ചിനീയർ (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (തുടർനടപടിയ്ക്കായി)
4) അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്, കേരള, തൃശ്ശൂർ)
5) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്,
6) കരുതൽ ഫയൽ /ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Digitally signed by
Dileep D
Date: 29-07-2026
12:25:07
സെക്ഷൻ ഓഫീസർ